ശ്രീ. ഇ. പി. ഗോപാലൻ : നാലാം പദ്ധതിയിൽ പ്രവർത്തികം ഉൾപ്പെടുത്താനുള്ള ചില കാര്യങ്ങളെപ്പറ്റി ഇവിടെപറയുകയുണ്ടായി. പദ്ധതി പ്രവർത്തനങ്ങളെസംബന്ധിച്ചിടത്തോളം അല്ലെങ്കിൽ പ്ലാൻസ്കീമിനെ സംബന്ധിച്ചിടത്തോളം ഒരു സ്കീം ഉണ്ടാക്കാൻ പോകുന്നതിനുമുമ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രധാനമായ ശ്രദ്ധ കൊടുക്കണമെന്നുള്ള പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശം ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അതു് ഒരു സാമാന്യ തത്വമനുസരിച്ചു് ആവശ്യമാണു്. തുടങ്ങിക്കഴിഞ്ഞിട്ടുള്ള പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിക്കേണ്ടതായിട്ടുണ്ടു്. അതിനപ്പുറമേ എടുക്കേണ്ടവേക്കുകളെപ്പറ്റിയാണു് ചിലതു് ഇവിടെപറഞ്ഞതു്. നാലാം പദ്ധതി അവസാനിക്കുന്നതിനു മുമ്പായി എല്ലാ പട്ടണങ്ങളിലും അതുപോലെ അത്യാവശ്യമുള്ള വില്ലേജുകളിലുമെല്ലാം ശുദ്ധജലവിതരണംചെയ്യാൻ കഴിയുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. കെ. ഹസൻഗനി : 1964-ൽ പുതിയ വർക്കുകൾ തുടങ്ങുന്നില്ലെന്നു പറഞ്ഞു. മൂന്നാംപദ്ധതിക്കാലത്തുതന്നെ അതായതു് മാർച്ചു് 31-ാംതീയതിവരെ തുടങ്ങാൻ ഉദ്ദേശിക്കുന്ന പണികൾ ഏതെല്ലാമാണു് ? അതിൽ മഞ്ചേരി വാട്ടർസപ്ലൈ സ്കീംപെടുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ഏതെല്ലാമാണെന്നു പ്രത്യേകമായി ചോദിച്ചാലേ പറയുവാൻ കഴിയുകയുള്ളൂ.

പാറയിടിഞ്ഞുവീണു മൂതിയടഞ്ഞ തൊഴിലാളികൾ.

* 450. [6] ശ്രീ. എസ്. കുമാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടിനൽകുമോ :

(എ) മൂഴിയാർ പവ്വർസ്റ്റേഷനിലെ സ്പിച്ചു്യാഡിൽ പണിയെടുത്തുകൊണ്ടിരുന്ന 5 തൊഴിലാളികൾ ഡിസംബർമാസത്തിൽ പാറയിടിഞ്ഞുവീണു് മൂതിയടഞ്ഞസംഭവം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇതേപ്പറ്റി ഗവണ്മെൻറു് അന്വേഷണം നടത്തിയോ ;

(സി) നടത്തിയെങ്കിൽ വിവരം എന്താണു് ;

(ഡി) ഈ സ്ഥലത്തു് ഇതേപണിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾക്കു് ഇതിനുമുമ്പും ഇതുപോലെയുള്ള അപകടം സംഭവിക്കുകയുണ്ടായിട്ടുണ്ടോ;

(ഈ) അപകടംസംഭവിച്ച തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും എന്തെല്ലാം സഹായങ്ങളാണു് ചെയ്തുകൊടുത്തു ;

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്

(ബി) ഇലക്ട്രിസിറ്റിബോർഡു് അന്വേഷണംനടത്തി ഗവണ്മെൻറിനെ വിവരമറിയിച്ചിട്ടുണ്ടു്.

(സി) 1963 ഡിസംബർ 14-ാം തീയതിരാവിലെ 10·30-നു് മൂഴിയാർപവ്വർ ഹൗസിന്റെ പരിസരത്തിൽ പാറയിടിഞ്ഞുവീണതിന്റെ ഫലമായി പത്തു തൊഴിലാളികൾ മണ്ണിനടിയിൽപെട്ടു. അവരിൽ അഞ്ചുപേർ മൂതിയടയുകയും അഞ്ചുപേർ നിസ്സാരമായ പരുക്കുകളോടുകൂടി രക്ഷപ്പെടുകയുംചെയ്തു.

(ഡി) ഇതിനുമുമ്പും ഒരിക്കൽ മണ്ണിടിഞ്ഞുവീണിട്ടുണ്ടു്. പക്ഷേ അപകടം ഒന്നും സംഭവിച്ചിട്ടില്ല.

(ഈ) വർക്കുമെൻസു് കാമ്പൻസേഷൻ ആക്ടുപ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ കൺട്രാക്ടർക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : ഇതുപോലെയുള്ള ആപത്തുസംഭവിക്കുമ്പോൾ സാധാരണഗതിയിൽ വക്കു്മെൻസു് കമ്പൻസേഷൻ ആകു്ടപ്രകാരം ലഭിക്കേണ്ട സഹായം കിട്ടുന്നതിനു് കാലതാമസമുണ്ടാകും. അതുകൊണ്ടു് ഇതുപോലെയുള്ള സംഭവമുണ്ടാകുമ്പോൾ താൽക്കാലികമായി വല്ല നഷ്ടപരിഹാരവും ഗവണ്മെൻറു ചെയ്യാറുണ്ടോ ? അങ്ങനെ വല്ലതും ഈ കേസിൽചെയ്തിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ. : വക്കു്മെൻസു് കാമ്പൻസേഷൻ ആകു്ടനുസരിച്ചു് നൽകുന്ന സഹായം ലഭിക്കുന്ന കാര്യത്തിൽ അതു് അന്വേഷണംനടത്തി അവക്കു് ഫലം ഉണ്ടാകുന്നില്ലെന്നു കാണുകയാണെങ്കിൽ എകു്സു്ഗ്രേഷ്യാ പെയു്മെൻറായി ഗവണ്മെൻറു് എന്തെങ്കിലും കൊടുക്കുന്നതാണു്.

അർബൻ വാട്ടർസപ്ലൈ സ്കീം.

* 451. [7] ശ്രീ. പി. ആർ. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയംമറുപടി നൽകുമോ :

(എ) അർബൻ വാട്ടർസപ്ലൈ സ്കീംസു് എത്രയെണ്ണം ഇപ്പോൾ ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുന്നുണ്ടു് ;

(ബി) കുന്നംകുളം വാട്ടർസപ്ലൈ സ്കീമിൻെറ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ ;

(സി) ആയതിൻെറ പണി എന്നുമുതൽ ആരംഭിക്കും ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഒരെണ്ണം.

(ബി) ഉണ്ടു്.

(സി) ഈ സ്കീമിൻെറ എസ്റ്റിമേറു് പരിശോധിച്ചുവരുന്നു. പദ്ധതിയുടെ എസ്റ്റിമേറിനു് അനുമതിയും ആവശ്യമുള്ള സംഖ്യയും ലഭിച്ചാലുടൻ പണി ആരംഭിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : നരിത്തോട്ടുനിന്നു കോഴിക്കോട്ടേക്കു് ശുദ്ധജലവിതരണം നൽകാനുള്ള പദ്ധതി ഇന്നു് ഏതു ഘട്ടത്തിലിരിക്കുന്നു ; അതു നാലാം പദ്ധതിയിലെങ്കിലും ഉൾപ്പെടുത്താൻ സാധിക്കുമെന്നു ഗവണ്മെൻറു പ്രതീക്ഷിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു പ്രത്യേകമായി ചോദിച്ചാലേ പറയുവാൻ കഴിയൂ.

ശ്രീ. കെ. ആർ. വിജയൻ : എറണാകുളം, മട്ടാഞ്ചേരി, ഫോർട്ടു കൊച്ചി എന്നീ സ്ഥലങ്ങളിൽ ശുദ്ധജലവിതരണംചെയ്യുന്നതിനു് ഇപ്പോൾ വെള്ളം കൊണ്ടുവരുന്നതു് ചൊവ്വരനിന്നാണു്. അതോടുകൂടിത്തന്നെ പറവൂരേക്കും വൈപ്പിൻകരയിലേക്കുംകൂടി ശുദ്ധജലവിതരണം നടത്തുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അതു എത്രമാത്രം സാധിക്കുമെന്നുള്ള കാര്യം വെള്ളത്തിൻെറ കാണ്ടിറിയും മറ്റു കാര്യങ്ങളുമെല്ലാം പരിശോധിച്ചതിനുശേഷം ഗവണ്മെൻറു് തീരുമാനിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly